REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 19-09-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **മധ്യപ്രദേശ് ഉജ്ജയിനിയിൽ സഫായ് മിത്രസമ്മേളനത്തെ രാഷ്ട്രപതി ദ്രൗപദി മുർമു അഭിസംബോധന ചെയ്തു.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മഹാരാഷ്ട്രയിലെ വാർധയിൽ PM വിശ്വകർമ്മ പരിപാടിയിൽ പങ്കെടുക്കും.**
- **അരിയിൽ ഷുക്കൂർ വധക്കേസിൽ CPIM നേതാക്കളുടെ വിടുതൽ ഹർജി കൊച്ചിയിലെ പ്രത്യേക CBI കോടതി തള്ളി.**
- **പാമ്പുകടി മരണ രഹിത കേരള നയം രൂപികരിക്കുമെന്ന് മന്ത്രി AK ശശീന്ദ്രൻ**
- **ഇന്ത്യ-ബംഗ്ലാദേശ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരം ചെന്നൈയിൽ ആരംഭിച്ചു.**

## വാർത്തകൾ വിശദമായി

മധ്യപ്രദേശ് ഉജ്ജയിനിയിൽ സഫായ് മിത്രസമ്മേളനത്തെ രാഷ്ട്രപതി ദ്രൗപദി മുർമു അഭിസംബോധന ചെയ്തു,. സന്ദർശനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമു സ്വച്ഛത മിത്രങ്ങൾക്ക് സർട്ടിഫിക്കറ്റുകൾ ചടങ്ങിൽ വിതരണം ചെയ്യും. ഉജ്ജയിൻ-ഇൻഡോർ ആറുവരി പാത പദ്ധതിയുടെ നിർമ്മാണോദ്ഘാടന ചടങ്ങിൽ രാഷ്ട്രപതി ഓൺലൈനായി പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മഹാരാഷ്ട്രയിലെ വാർധ സന്ദർശിക്കും. വിശ്വകർമ്മ പദ്ധതിയുടെ ഒരു വർഷത്തെ പുരോഗതി അടയാളപ്പെടുത്തുന്ന

ദേശീയ PM വിശ്വകർമ്മ പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും. പദ്ധതി ഗുണഭോക്താക്കൾക്ക് സർട്ടിഫിക്കറ്റുകളും വായ്പകളും പ്രധാനമന്ത്രി പരിപാടിയിൽ വിതരണം ചെയ്യും. അമരാവതിയിൽ PM മിത്ര പാർക്കിന് പ്രധാനമന്ത്രി തറക്കല്ലിടും. ടെക്സ്റ്റൈൽ നിർമ്മാണത്തിന്റെയും കയറ്റുമതിയുടെയും ആഗോള കേന്ദ്രമായി ഇന്ത്യയെ മാറ്റാൻ ലക്ഷ്യമിട്ടാണ് PM മിത്ര പാർക്കുകൾ സ്ഥാപിക്കുന്നത്.

✪✪✪

ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ സഹകരണമന്ത്രാലയത്തിന്റെ ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്യും. മൂന്നാം മോദി ഗവൺമെന്റിന് കീഴിൽ സഹകരണ മന്ത്രാലയം 100 ദിവസം കൊണ്ട് തുടക്കമിട്ട സംരംഭങ്ങളെക്കുറിച്ച് സമ്മേളനം ചർച്ച ചെയ്യും.

✪✪✪

സ്റ്റാർട്ടപ്പുകളുടേയും, വനിതാ സംരംഭങ്ങളുടേയും അടക്കം പേറ്റന്റ് രജിസ്ട്രേഷൻ ഫീസ് 80 ശതമാനം കുറയ്ക്കാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചതായി കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ അറിയിച്ചു. MSME, അക്കാദമിക് സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്കും ഈ ആനുകൂല്യം ലഭിക്കും. ന്യൂഡൽഹിയിൽ ട്രേഡ്മാർക്കുമായി ബന്ധപ്പെട്ട നിർമ്മിതബുദ്ധി ടൂളുകളും സാരഥി ചാറ്റ് ബോട്ടും ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

✪✪✪

ജമ്മുകശ്മീർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ ഈ മാസം 25നും മൂന്നാം ഘട്ടത്തിൽ അടുത്തമാസം ഒന്നിനും വോട്ടെടുപ്പ് നടക്കും. വോട്ടെണ്ണൽ അടുത്തമാസം 8 നാണ്. ഒന്നാംഘട്ടത്തിൽ ഇന്നലെ 61 ശതമാനത്തിലേറെ റെക്കോഡ് പോളിങ്ങ് രേഖപ്പെടുത്തി. കഴിഞ്ഞ 35 വർഷത്തെ ഏറ്റവും ഉയർന്ന പോളിങ്ങ് നിരക്കാണിത്.

✪✪✪

ഡൽഹി മുഖ്യമന്ത്രിയായി അതിഷി മർലേന മറ്റന്നാൾ സത്യപ്രതിജ്ഞ ചെയ്തേക്കും . ഇതുസംബന്ധിച്ച ശുപാർശ ലഫ്റ്റനന്റ് ഗവർണർ V.K സക്സേന രാഷ്ട്രപതി ദ്രൗപദി മുർമുവിന് കൈമാറി. അരവിന്ദ് കെജ്‌രിവാളിന്റെ രാജിക്കത്തും ഇതോടൊപ്പം രാഷ്ട്രപതിക്ക് സമർപ്പിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ 'ആഗോള നിക്ഷേപക യോഗത്തിന്റെ ഭാഗമായ റോഡ്ഷോ ഇന്ന് ബംഗളൂരുവിൽ നടത്തും. കേരളത്തിന് പുറത്തെ രണ്ടാമത്തെ

റോഡ്ഷോ ആണിത്. ഇതിലൂടെ സംസ്ഥാനത്തേക്ക് എത്തുന്ന നിക്ഷേപങ്ങളുടെ വേഗം വർധിപ്പിക്കാൻ കഴിയുമെന്ന് മന്ത്രി P രാജീവ് വിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

കണ്ണൂരിലെ അരിയിൽ ഷുക്കൂർ വധക്കേസിൽ CPIM നേതാക്കളായ P ജയരാജനും TV രാജേഷും നൽകിയ വിടുതൽ ഹർജി കൊച്ചിയിലെ പ്രത്യേക CBI കോടതി തള്ളി. ഇരുവരും വിചാരണ നേരിടണമെന്ന് കോടതി ഉത്തരവിട്ടു. 2012 ഫെബ്രുവരിയിലായിരുന്ന അരിയിൽ ഷുക്കൂറിനെ കൊലപ്പെടുത്തിയത്.

✪✪✪

വനം വകുപ്പ് മന്ത്രിസ്ഥാനത്തു നിന്ന് NCP യിലെ A.K ശശീന്ദ്രനെ മാറ്റുന്ന കാര്യത്തിൽ നാളെ പാർട്ടി ദേശീയ അധ്യക്ഷൻ അന്തിമ തീരുമാനം അറിയിച്ചേക്കും. ശശീന്ദ്രനേയും പാർട്ടി MLA തോമസ് K. തോമസിനെയും സംസ്ഥാന അധ്യക്ഷൻ PC ചാക്കോ യേയും ശരത് പവാർ ചർച്ചക്കായി മുംബൈയിലേക്ക് വിളിച്ചിട്ടുണ്ട്.

✪✪✪

മലപ്പുറത്തെ നിപ ബാധയുമായി ബന്ധപ്പെട്ട് ഇന്നലെ 10 പേരുടെ പരിശോധനാ ഫലങ്ങൾ കൂടി നെഗറ്റീവായതായി മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് അറിയിച്ചു. മരിച്ച യുവാവിനൊപ്പം ആശുപത്രിയിൽ ഉണ്ടായിരുന്ന മാതാവിന്റെയും അടുത്ത ബന്ധുക്കളുടേയും ചികിത്സിച്ച ഡോക്ടറുടേയും സ്രവപരിശോധന ഫലമാണ് ഇന്നലെ ലഭിച്ചത്.

✪✪✪

മലപ്പുറത്ത് M-പോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ്ജ് നിർദേശം നൽകി. നേരത്തെ മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന രോഗമായിരുന്നെങ്കിലും ഇപ്പോൾ മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് നേരിട്ട് പകരുന്ന രോഗമായി M- പോക്സ് മാറിയതായി മന്ത്രി അറിയിച്ചു. രോഗം ബാധിച്ച വ്യക്തിയുമായി നേരിട്ട് സമ്പർക്കത്തിൽ ഏർപ്പെടുമ്പോഴാണ് രോഗം പകരുന്നത്. വായുവിലൂടെ രോഗവ്യാപനം ഉണ്ടാവില്ല. രോഗികളെ പരിചരിക്കുന്നവരും ആരോഗ്യപ്രവർത്തകരും അണുബാധ നിയന്ത്രണ മുൻകരുതൽ സ്വീകരിക്കേണ്ടതാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

പാലക്കാട് നിർഭയ കേന്ദ്രത്തിൽ നിന്ന് കാണാതായ മൂന്നാമത്തെ പെൺകുട്ടിയെയും കണ്ടെത്തി. 17 കാരായ രണ്ടു കുട്ടികളേയും 14 കാരിയെയുമാണ് രണ്ട് ദിവസം മുമ്പ് കാണാതായത്. ഇവരിൽ രണ്ടു പേരെ നേരത്തെ കണ്ടെത്തിയിരുന്നു. ബസിറങ്ങിയതിന്റെ ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിനൊടുവിലാണ് മൂന്നാമത്തെ പെൺകുട്ടിയെ തമിഴ്നാട്ടിലെ ബന്ധുവീട്ടിൽ നിന്നും കണ്ടെത്തിയത്.

✪✪✪

ഇന്ന് അന്താരാഷ്ട്ര പാമ്പുകടി ബോധവത്കരണ ദിനം. പാമ്പുകടിയെക്കുറിച്ച് ജനങ്ങൾക്ക് കൃത്യമായ അവബോധം നൽകുന്നതിനാണ് എല്ലാ വർഷവും സെപ്റ്റംബർ 19 അന്താരാഷ്ട്ര പാമ്പുകടി ബോധവത്കരണ ദിനമായി ആചരിക്കുന്നത്.

✪✪✪

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ മൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് വിവിധ പദ്ധതികൾ ഗവൺമെന്റ് നടപ്പാക്കി വരുന്നതായും പാമ്പുകടി മരണ രഹിത കേരളം എന്ന നയം രൂപീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതായും മന്ത്രി A.K ശശീന്ദ്രൻ അറിയിച്ചു. പാമ്പ് കടി മരണം കുറക്കുന്നതിന് കൂടുതൽ കർമ്മ പദ്ധതികൾ രൂപീകരിക്കാനും മന്ത്രി നിർദേശം നൽകി.

പാമ്പുകൾ മൂലം ജനങ്ങൾക്കുണ്ടാകാവുന്ന അപകടങ്ങൾ പരമാവധി ഒഴിവാക്കുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമാണ് 'സർപ്പ' എന്ന മൊബൈൽ ആപ്പ് ഗവൺമെന്റ് അവതരിപ്പിച്ചത്. വനംവകുപ്പിന്റെ പരിശീലനം ലഭിച്ച അംഗീകൃത സർപ്പ വോളണ്ടിയർമാരുടെ സേവനം നാല് വർഷക്കാലമായി സംസ്ഥാനത്ത് ലഭ്യമാണ്. പാമ്പുകടി മൂലമുള്ള മരണങ്ങൾ നാല് വർഷം മുമ്പുണ്ടായിരുന്നതിനെ അപേക്ഷിച്ച് നാലിൽ ഒന്നായി കുറയ്ക്കാൻ ഈ സേവനങ്ങൾ മൂലം കഴിഞ്ഞെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഇന്ത്യ-ബംഗ്ലാദേശ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരം ചെന്നൈയിൽ ആരംഭിച്ചു. ടോസ് നേടിയ ബംഗ്ലദേശ് ബോളിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 4 വിക്കറ്റ് നഷ്ടത്തിൽ 96 റൺസെടുത്തിട്ടുണ്ട്.

കാൺപൂരിൽ 27 നാണ് രണ്ടാം ടെസ്റ്റ്.

✪✪✪

ചൈന ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ മാളവിക ബെൻസോദ് ചാങ്സുവിലെ രണ്ടാം മത്സരത്തിൽ നാളെ  ജപ്പാന്റെ അകാനെ യമാഗുചിയെ നേരിടും. ഇന്നലെ ലോക 25ാം നമ്പർ കെയ്സ്റ്റി ഗിൽമറെയാണ് മാളവിക തോൽപിച്ചത്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ബംഗ്ളുരു FC ഹൈദരാബാദ് FC യെ നേരിടും.
വൈകിട്ട് ഏഴരയ്ക്ക് ബംഗളുരുവിലാണ് മത്സരം.

✪✪✪

സ്പെയിനിലെ ലിയോണിൽ ഇന്ന് ആരംഭിക്കുന്ന ലോക ജൂനിയൽ വെയ്റ്റ് ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ ഒമ്പത് ഇന്ത്യൻ താരങ്ങൾ പങ്കെടുക്കും. ഇന്ത്യൻ ടീമിൽ മൂന്ന് പുരുഷതാരങ്ങളും ആറ് വനിതാ താരങ്ങളുമുണ്ട്.

✪✪✪

കണ്ണൂർ ഇരിട്ടിയിൽ  സംസ്ഥാന ജൂനിയർ സോഫ്റ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ഇന്നലെ കാസർകോടും പത്തനംതിട്ടയും കണ്ണൂരും വിജയിച്ചു.

മലപ്പുറം വയനാടിനെയും തൃശ്ശൂർ എറണാകുളത്തെയും തിരുവനന്തപുരം കൊല്ലത്തെയും പരാജയപ്പെടുത്തി.

✪✪✪

അട്ടപ്പാടി താലൂക്കിൽ പട്ടയമേളക്ക് തുടക്കമായി. മണ്ണാർക്കാട് MES കല്ലടികോളേജ് ഓഡിറ്റോറിയത്തിൽ മന്ത്രി K രാജൻ ഉദ്ഘാടനം ചെയ്തു.

✪✪✪

കോഴിക്കോട് വിലങ്ങാട് ഉരുൾപൊട്ടൽ ദുരിതബാധിതർക്ക് സംസ്ഥാന ഗവൺമെന്റിന്റെ സഹായം വിതരണം ചെയ്തു തുടങ്ങി.

ദുരിതാശ്വാസക്യാമ്പുകളിലും ബന്ധുവീടുകളിലുമായി കഴിഞ്ഞ 450 പേർക്ക് സംസ്ഥാന ദുരന്തനിവാരണഫണ്ടിൽ നിന്ന് ആദ്യ ഘട്ടമായി 5000 രൂപ വീതം നൽകി. ഇതുവരെ 30ലക്ഷത്തോളം രൂപ ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

✪✪✪

കഴിഞ്ഞ ഒരാഴ്ചയായി കോഴിക്കോട് നഗരത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന ഗതാഗത കുരുക്ക് സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്ന ഗുരുതരപ്രശ്നമായി മാറുകയാണെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് വിലയിരുത്തി.

ജില്ലാ കലക്ടറും പോലീസ് കമ്മീഷണറും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും വിഷയത്തിൽ നേരിട്ട് ഇടപെട്ട് ഗതാഗത കുരുക്കിന് പരിഹാരം കാണണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

സ്വീകരിച്ച നടപടികൾ ഒരാഴ്ചക്കകം കമ്മീഷനെ അറിയിക്കണം. ഈ മാസം 27ന് കോഴിക്കോട്ട് നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവള കമ്പനിയുടെ വാർഷിക ജനറൽ ബോഡി യോഗം ഓൺലൈൻ ആയി ചേരാനെടുത്ത മാനേജ്മെന്റ് തീരുമാനം പിൻവലിക്കണമെന്ന് കിയാൽ ഷെയർ ഹോൾഡേഴ്സ് അസോസിയേഷൻ ഭാരവാഹികൾ കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു.

യോഗം ഓഫ് ലൈനായി നടത്തണമന്നാവശ്യപ്പെട്ട് കേന്ദ്ര കോർപറേറ്റ് മന്ത്രാലയത്തിനും കമ്പനി ചെയർമാനായ മുഖ്യമന്ത്രിക്കും പരാതി നൽകിയതായി അസോസിയേഷൻ ചെയർമാൻ അബ്ദുൾ ഖാദർ പനക്കാട്ട് അറിയിച്ചു.

✪✪✪

നടി കവിയൂർപൊന്നമ്മയെ കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആരോഗ്യ നില വഷളായതിനെ തുടർന്ന് വടക്കൻ പറവൂർ കരിമാളൂരിലെ വീട്ടിൽ നിന്നാണ് അവരെ ആശുപത്രിയിലേക്ക് മാറ്റിയത്.

✪✪✪

കോഴിക്കോട് വെള്ളയിൽ പുലിമുട്ടിന് സമീപം കുളിക്കുന്നതിനിടെ തിരയിൽ പെട്ട് കാണാതായ യുവാവിന്റെ മൃതദേഹം കണ്ടെത്തി. പശ്ചിമ ബംഗാൾ സ്വദേശി റെക്കീബുൽ മൊണ്ടലിന്റെ മൃതദേഹമാണ് രാവിലെ കണ്ടെത്തിയത്. കടലിൽ നിന്നും ഏകദേശം 3 നോട്ടിക്കൽ മൈൽ അകലെ നിന്നും മത്സ്യ തൊഴിലാളികൾ വിവരം അറിയിച്ചതിനെത്തുടർന്ന് കോസ്റ്റൽ പോലീസാണ് മൃതദേഹം കരയ്ക്കെത്തിച്ചത്.

✪✪✪

ഇടുക്കി ഇരട്ടയാർ ടണലിൽ അകപ്പെട്ട രണ്ടു കുട്ടികളിൽ ഒരാൾ മരിച്ചു. കൂടെയുണ്ടായ കുട്ടിക്കായി തിരച്ചിൽ തുടരുകയാണ്. കായംകുളം സ്വദേശി 13 കാരനായ അതുൽ എന്ന അമ്പാടിയാണ് മരിച്ചത്. ഉപ്പുതറയിലെ അപ്പു എന്ന കുട്ടിയെ ആണ് കാണാതായത്.

✪✪✪

കോഴിക്കോട് ഹൈസ്കൂൾ വിദ്യാർഥിനിയെ ലഹരിക്ക് അടിമയാക്കി അതിക്രമം നടത്തിയെന്ന പരാതി അന്വേഷിക്കാൻ IG തല ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കണമെന്ന് സംസ്ഥാന ബാലാവകാശ കമ്മിഷൻ ഉത്തരവിട്ടു.

അന്വേഷണവുമായി ബന്ധപ്പെട്ട് ഗൂഢാലോചന കണ്ടെത്തുകയാണെങ്കിൽ ഭാരതീയ ന്യായസംഹിത വകുപ്പ് പ്രകാരം കേസെടുത്തു തുടർ നടപടി സ്വീകരിക്കാനും കമ്മിഷൻ നിർദേശിച്ചു.

✪✪✪